ഒരൊറ്റ ഗാനം ഒരു ചലച്ചിത്രത്തെ ഒന്നാകെ സിനിമാപ്രേമികളുടെ മനസ്സിൽ കുടിയിരുത്തുക, അല്ലെങ്കിൽ സിനിമയേക്കാൾ ആ ഗാനം ചരിത്രമാകുക... ഇതൊക്കെ അപൂർവമായി സംഭവിക്കുന്ന പ്രതിഭാസങ്ങളാണ്. സൂഫിയും സുജാതയും എന്ന ചിത്രത്തിലെ "വാതുക്കലെ വെള്ളരിപ്രാവ്..."
എന്ന ഗാനം ഇങ്ങനെ ഒരു ബഹുമതിയാണ് നേടിയെടുത്തത്. യുട്യൂബിൽ 14 മില്യൺ കാഴ്ചക്കരെയാണ് ഈ ഗാനം സ്വന്തമാക്കിയത്. ഇതിന്റെ നൂറ് കണക്കിന് കവർ വേർഷനുകൾ ഉണ്ടാക്കിയ തിരയിളക്കങ്ങൾ വേറെ.

എം ജയചന്ദ്രൻ ഈണം പകർന്ന ഈ ഗാനത്തിന് ശബ്ദം പകർന്ന ഒരാൾ നമ്മുടെ കൂട്ടത്തിൽ നിന്നും ആണെന്നറിയുമ്പോൾ സന്തോഷത്തെക്കാളേറെ അത്ഭുതം മനസ്സിൽ നിറയും എന്നറിയാം. ആ സംഗീതപ്രതിഭയെയാണ് ഈ ആഴ്ച ഞങ്ങൾ നിങ്ങളുടെ മുന്നിൽ എത്തിക്കുന്നത്.

അർജുൻ ബി കൃഷ്ണ,
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,
RASMECCC, കഴക്കൂട്ടം.

സംഗീതാദ്ധ്യാപകനായ ശ്രീ എം ബേബിയുടെയും വീണ വിദുഷിയായ ശ്രീമതി പി കെ ഓമനയുടെയും ഏകമകന് സംഗീതം രക്തത്തിൽ അലിഞ്ഞുചേർന്ന ഒന്നാണ്. അർജുൻ കേട്ട താരാട്ട് പോലും ഒരുവേള സ്വരഗംഗയുടെ പ്രവാഹമായിരുന്നിരിക്കാം.
അച്ഛനും അമ്മയും സംഗീതത്തെ ഉപാസിച്ച് അനന്തപുരിയിൽ ചേക്കേറിയവരായത് കൊണ്ട് അർജുന്റെ ജീവിതം ബാല്യം മുതൽ അനന്തപദ്മനാഭന്റെ മണ്ണിലായിരുന്നു.

സ്കൂൾ വിദ്യാഭ്യാസം ക്രൈസ്റ്റ് നഗർ സ്കൂളിന്റെ വെള്ളയമ്പലം ഐ സി എസ് സി വിഭാഗത്തിൽ ആയിരുന്നത് കൊണ്ട് മറ്റ് സ്കൂൾ കുട്ടികളെ പോലെ പൊതുവേദികൾക്കും മത്സരങ്ങൾക്കും അവസരങ്ങൾ നന്നേ കുറവായിരുന്നു, പക്ഷേ മനസ്സിൽ നിറയെ അർജുൻ പോലും അറിയാതെ സംഗീതം നിറഞ്ഞുതുളുമ്പുന്നുണ്ടായിരുന്നു. അത്രയ്ക്ക് രാഗതാളനിബദ്ധമായിരുന്നു ജീവിതം.

പ്ലസ് ടുവിന് ശേഷം പാപ്പനംകോട് എസ് സി ടി യിൽ എഞ്ചിനീയറിംഗ് പഠനത്തിന് ചേർന്നതോടെയാണ് മത്സരങ്ങൾക്ക് വേദികൾ ഒരുങ്ങിയത്. അക്കാലത്ത് യൂണിവേഴ്സിറ്റി യുവജനോത്സവത്തിൽ ശാസ്ത്രീയസംഗീതത്തിനും പശ്ചാത്യാസംഗീതത്തിനും ഒക്കെ ഒന്നാം സമ്മാനം നേടാൻ കഴിഞ്ഞ അർജുന് പക്ഷേ അന്നേ മത്സരങ്ങളേക്കാൾ പ്രതിപത്തി സംഗീതസദസ്സുകളോടായിരുന്നു.

അച്ഛന്റെയും അമ്മയുടെയും ശിക്ഷണത്തിൽ തന്റെ 12ആം വയസ്സിൽ അർജുൻ അരങ്ങേറ്റം കുറിച്ചു. പിന്നെ നിരന്തരം സംഗീതസദിരുകൾ അർജുനെ തേടി വന്നുകൊണ്ടിരുന്നു. അനന്തപുരിയിലെ ടൂറിസം വാരാഘോഷങ്ങളിൽ സ്ഥിരം സാന്നിദ്ധ്യമായ അർജുന് മറക്കാൻ

കഴിയാത്തത് കുറച്ച് കാലം മുൻപ് ഒരോണാഘോഷക്കാലത്ത് തബലയിലെ ഇതിഹാസം സക്കീർ ഹുസൈന്റെ പരിപാടിക്ക് തൊട്ട് മുൻപ് പാടാൻ കഴിഞ്ഞ അവസരമാണ്.

പ്രശസ്ത സംഗീതവിദ്വാനും സ്വാതിതിരുനാൾ സംഗീതകോളേജ് പ്രിൻസിപ്പലുമായിരുന്ന ശ്രീ കുമാരകേരളവർമ്മ സാറിന്റെ ശിക്ഷണത്തിൽ ഇന്നും പഠനം തുടരുന്ന അർജുൻ ആകാശവാണിയിലെ ബി ഹൈ ആർട്ടിസ്റ്റ് കൂടി ആണ്. സ്വാതിതിരുനാൾ സംഗീതകോളേജിലെ അസിസ്റ്റന്റ് പ്രൊഫസറും പ്രശസ്ത മൃദംഗവിദ്വാനുമായ ശ്രീ മങ്ങാട് കെ വി പ്രമോദിന്റെ അഭിപ്രായത്തിൽ ഈ പ്രായത്തിൽ ഇത്ര ജ്ഞാനസ്ഥനായ, ഇത്രയും ആധികാരികമായും വ്യവഹാരപരമായും സംഗീതത്തെ സമീപിക്കുന്ന ഒരാളില്ല എന്ന് തന്നെ പറയാം എന്നാണ്. തന്റെ സഹപാഠികളായിരുന്ന ദമ്പതികളുടെ മകനെക്കുറിച്ച് പറയുമ്പോൾ അദ്ദേഹത്തിന്റെ വാക്കുകളിൽ വാത്സല്യവും അഭിമാനവും നിറഞ്ഞു.

2006ൽ കൈരളിയുടെ സ്വരലയ യേശുദാസ് അവാർഡും 2009ൽ അമൃത ടി വി യിലെ രാഗരത്നം ജൂനിയർ അവാർഡും സ്വന്തമാക്കിയ അർജുന്റെ മാസ്മരികപ്രകടനം 2007ൽ പുറത്തിറങ്ങിയ ജയരാജ് ചിത്രം ആനന്ദഭൈരഭിയിൽ ആയിരുന്നു. സംഗീതത്തിന് ഏറെ പ്രാധാന്യം നൽകി ചിത്രീകരിച്ച, സായികുമാറിന് സംസ്ഥാന അവാർഡ് നേടിക്കൊടുത്ത ഈ ചിത്രത്തിലെ 13പാട്ടുകളിൽ 10 എണ്ണം പാടിയത് അർജുനാണ്.

പിന്നീട് പഠനത്തിലും സംഗീതപരിപാടികളിലും ശ്രദ്ധചെലുത്തിയ അർജുൻ ഒരു നീണ്ട ഇടവേളക്ക് ശേഷമാണ് തന്റെ പ്രിയ സംഗീതസംവിധായകൻ ശ്രീ എം ജയചന്ദ്രൻ ചിട്ടപ്പെടുത്തിയ സംഗീതത്തിന് ശബ്ദം പകർന്നത്. "ഞാവൽപ്പഴക്കണ്ണിമയ്ക്കുന്നേ മൈലാഞ്ചിക്കാട്... "
എന്ന് തുടങ്ങുന്ന വരികൾ മാന്ത്രികസ്പർശം പോലെ സംഗീതസ്വാദകരിൽ പടർന്നുകയറികൊണ്ടിരിക്കുന്നു. ഇപ്പോഴും...

2020 ജനുവരിയിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ പ്രൊബേഷനറി ഓഫീസർ ആയി ചേർന്ന അർജുന് അനന്തപുരിയിലെ ബാങ്ക് ജീവിതം തന്റെ സംഗീതസപര്യക്ക് തണൽ വിരിക്കും എന്ന പ്രതീക്ഷയാണ്. സംഗീതസദസ്സുകളും സിനിമാസംഗീതവും ആയി ജീവിതം സ്വരമധുരം ആയിതീരും എന്നാണ് പ്രതീക്ഷ.

എല്ലാ പാട്ടുകാരെയും പോലെ ദാസേട്ടനെ ദൈവതുല്യനായി കാണുന്ന അർജുന് ഒരിക്കൽ മൂകാംബികയിലെ തിരക്കിലും ദാസേട്ടൻ തന്നെ തിരിച്ചറിഞ്ഞത് പറയുമ്പോൾ വാക്കുകളിൽ സന്തോഷം ശ്രുതി ചേർത്തു. പാടിയ പാട്ട് കേട്ട് വിജയ് യേശുദാസും ദാസേട്ടന്റെ വീട്ടുകാരും വിളിച്ചത് പറയുമ്പോൾ അർജുന്റെയുള്ളിലെ സന്തോഷം വാക്കുകളിൽ തിളങ്ങിനിന്നു.

എപ്പോൾ പാടിയാലും വളരെ കൃത്യതയോടെ പാടാൻ കഴിയുന്ന

അത്ഭുതസിദ്ധിയാണ് അർജുന്റേത് എന്ന് അർജുന്റെ സംഗീതവഴിയിലെ സഹയാത്രികനും നമ്മുടെ ടാലെന്റഡ് ബാങ്കറുമായ അഭിലാഷ് വെങ്കിടാചലം. വെറുതെ ഒന്ന് പാടൂ എന്ന് പറഞ്ഞാലും റെക്കോർഡ് പോലെ പാടാനുള്ള അനിതരസാധാരണമായ കഴിവ് അർജുനെ വ്യത്യസ്തനാക്കുന്നു എന്നാണ് അഭിലാഷിന്റെ കണ്ടെത്തൽ. താനൊക്കെ പരിശീലനം കൊണ്ട് നേടിയത് അർജുന് ജന്മസിദ്ധമാണെന്നും അഭിലാഷ്. സംഗീതവഴിയിൽ വരുംകാലങ്ങളിൽ തന്റേതായ ഇടം നേടാൻ പ്രാപ്തനായ പാട്ടുകാരനാണ് അർജുൻ എന്ന് നമ്മുടെ മറ്റൊരു ടാലെന്റഡ് ബാങ്കറായ ഉടുപ്പി ശ്രീകാന്ത്.

സൂഫി സംഗീത ശീലിൽ മലയാള സംഗീതസ്വാദകരുടെ മനം കുളിർപ്പിച്ച അർജുന് തന്റെ ചെറിയ കാലത്തെ ഔദ്യോഗികജീവിതം ഏറെ പ്രിയമായി. അത് നിലനിറുത്തിക്കൊണ്ട് അറിയപ്പെടുന്ന ഒരു പിന്നണിഗായകൻ ആയിതീരുക എന്നതാണ് അർജുന്റെ സ്വപ്നം. ആ സ്വപ്നങ്ങൾ വർണങ്ങൾ വിരിയിക്കട്ടെ എന്ന് ടാലന്റഡ് ബാങ്കേഴ്സ് കുടുംബത്തിന് വേണ്ടി ഹൃദയപൂർവം ആശംസിക്കുന്നു.

**English Version**

Just a single song leading movie-lovers to accept a movie to their bosoms.. a song becoming much more popular that the movie itself.. these are very rare phenomena. This has been achieved by the song “Vathukkale vellaripraavu...” from the movie ‘Sufiyum Sujathayum'. The song gained 14 million viewers in the YouTube. There were also hundreds of cover versions of the song.

We are at the same time surprised and glad to realise that one of our members has voiced this song composed by M. Jayachandran. This musical genius is the Talented Banker this week.

Arjun B Krishna
State Bank of India
RASMECCC, Kazhakuttom

Music runs in the veins of this single son of Music teacher Sri. M. Baby and Veena exponent Smt. P.K.Omana. We can imagine the ragas involved in the lullabies he listened to. Their love for music made the couple shift to the land of the Anandapadmanabha along with their little son.

Since he did his schooling from Vellayambalam Christ Nagar school following ICSE syllabus, he got very little opportunity to participate in competitions or stage programmes like other kids. But even without him knowing, music got embedded in his throbbing heart.

He got his chance to perform as he joined the Pappanamcode SCT College of Engineering after 12th grade. He won first prizes for Carnatic music and Western music in the University level youth festivals during those years. Still he loved stage programmes much more than the competitions.

His arangetram was at the age of 12 under the tutelage of his parents. Since then, he received numerous chances to conduct stage performances. He was an indispensable part of the Anantapuri Tourism vaaraghosham and one such incident etched in his memory is being able to

sing on a stage just before the Tabala maestro Zakir Hussain’s performance during the Onam festivities a few years ago. He still continues his music classes from the famous musician and retired Principal of Swati Thirunal College of Music, Shri. Kumara Kerala Varma, and is also a B High grade artist in the Aakasavani. The Assistant Professor at the Swati Thirunal college of music and famous Mridangam artist, Shri. Mangad K.V.Pramod lovingly opines about the son of his old classmates that there rarely would be a musician of his age with such deep knowledge and approaches the subject so authoritatively.

Arjun, who won the 2006 Kairali Swaralaya Yesudas award and 2009 Amritha TV Ragaratnam Junior award, gave a scintillating performance in the 2007 released Jayaraj movie ‘Anandabhairavi'. Arjun voiced 10 out of the 13 songs in the movie through which Sai Kumar bagged the Kerala State Film Award.

Then he concentrated on his studies and stage programmes and has reappeared in the limelight with an unbelievable comeback through the song composed by his all-time favourite music director, M. Jayachandran. “Njavalpazhakkannimaykunne mailanjikkaadu...” the words magicked by his voice twirl their roots deep into the hearts of a listener.. still.. every single time you hear the song..

Arjun, who joined the State Bank of India as a probationary officer in January 2020 feels his banking life in the land of Ananda would open up a variety of avenues for his musical journey through stage shows and film songs.

He who reveres Dasettan like any singer, is so excited as he describes how Dasettan recognized him among the thronging mob at Mookambika once. . and when he reveals how Vijay Yesudas and other members of Dasettan’s family called him up to congratulate after hearing the song.

Abhilash Venkitachalam, our Talented Banker and Arjun's friend, says that it is surprising that Arjun can sing a song perfectly, whenever he sings.. in whatever situation.. when casually asked to sing, this talent would readily sing with the same clarity and perfection as a record. What most people learn by practice is imbibed in Arjun’s genes. Another Talented Banker, Udupi Srikanth chips in that Arjun has a talent that would make him create his own space in the world of music.

Arjun who soothed our hearts through his sufi notes, enjoys his short banking career and expects to keep up his official duties while being a known playback singer. We wish him all success and may the almighty Maula get him closer to his ‘rooh' and dream.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ, സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, അഞ്ചാലുംമൂട് ശാഖ, കൊല്ലം

English version: Arya Gayathri , State Bank of India, Thiruvananthapuram Main Branch